**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5395** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. വാഴൂർ സോമൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദേശത്ത് ഉപരിപഠനത്തിനായി സേവനം തേടിയെത്തുന്ന വിദ്യാർത്ഥികളെ വൻതോതിൽ ചൂഷണം ചെയ്യുന്നതും നിലവാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് അയക്കുന്നതും ഉൾപ്പെടെയുള്ള വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ വ്യാപക പരാതികൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി പ്രത്യേക നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ടി വിഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിലേയ്ക്കായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജിഗോപിനാഥ് ചെയർമാൻ ആയും, ഉന്നതവിദ്യാഭ്യാസ കൗൺസിൽ എക്സിക്യൂട്ടീവ് ബോഡി മെമ്പർ ഡോ. ആർ. കെ. സുരേഷ് കുമാർ, സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. ശ്രീറാം പാറക്കാട്ട് എന്നിവർ അംഗങ്ങളായുമുള്ള ഒരു 3 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നത് പരിഗണിയ്ക്കുന്നതാണ്. |
| (ബി) | പ്രസ്തുത കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | എ - യിൽ മറുപടി നൽകിയിരിക്കുന്നു. |
| (സി) | വിദേശ ഉന്നത വിദ്യാഭ്യാസ കൺസൾട്ടൻസി ഏജൻസികളുടെ ചൂഷണവും കബളിപ്പിക്കലും തടയുന്നതിന് ഏജൻസികൾക്ക് ലൈസൻസ് ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | എ - യിൽ മറുപടി നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കൺസൾട്ടൻസികൾ നൽകുന്ന സേവനങ്ങൾക്ക് ഏകീകൃത സേവന നിരക്ക് നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | എ - യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ